**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.കെ.പി.ജയന്റെ ചികിൽസാ ചെലവ് - മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവി ക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ)നം.1710/2013/ത.സ്വ.ഭ.വ** **തീയതി, തിരുവനന്തപുരം,28/06/2013.**

---

പരാമർശം:- 1) ശ്രീ.കെ.പി.ജയന്റെ 20/06/2011 ലെ അപേക്ഷ.
2) പഞ്ചായത്ത് ഡയറക്ടറുടെ 30/11/2012 ലെ എഫ്2-17344/11 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.കെ.പി.ജയന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവു വന്ന തുക മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 2,27,577/-രൂപയുടെ (രൂപ രണ്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്റി എഴുപത്തി ഏഴ് മാത്രം) 80% തുകയായ ₹ 1,82,061/- (രൂപ ഒരു ലക്ഷത്തി എൺപത്തിരണ്ടായിരത്തി അറുപത്തി ഒന്ന് മാത്രം) അപേക്ഷകന് അനുവദിക്കാവുന്നതാണെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ കാമാക്ഷി ഗ്രാമ പഞ്ചായത്തിലെ ഹെഡ് ക്ലാർക്ക് ശ്രീ.കെ.പി.ജയന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ വച്ച് ഹൃദയ സംബന്ധമായ അസുഖങ്ങൾക്ക് ചികിൽസ നടത്തിയ ഇനത്തിൽ ചെലവുവന്ന അനുവദനീയമായ തുകയുടെ 80% തുകയായ ₹ 1,82,061/- (രൂപ ഒരു ലക്ഷത്തി എൺപത്തി രണ്ടായിരത്തി അറുപത്തി ഒന്ന് മാത്രം) മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ പ്രസ്തുത ചികിൽസയുമായി ബന്ധപ്പെട്ട മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ ഉറപ്പു വരുത്തി ശ്രീ.കെ.പി. ജയന് കൊച്ചിയിലുള്ള അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്റർ എന്ന ആശുപത്രിയിൽ നേരിട്ട ചികിൽസാ ചെലവിൽ അനുവദനീയമായ തുകയുടെ 80% തുകയായ ₹ 1,82,061/- (രൂപ ഒരു ലക്ഷത്തി എൺപത്തിരണ്ടായിരത്തി അറുപത്തി ഒന്ന് മാത്രം) കാമാക്ഷി ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വിനിയോഗം ചെയ്ത് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കുന്നതിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**സെൽവരാജൻ.എൽ**
**ഗവ.അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(LBA&A) തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആന്റ് ആഡിറ്റ് , തിരുവനന്തപുരം;
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
സെക്രട്ടറി,കാമാക്ഷി ഗ്രാമ പഞ്ചായത്ത്,ഇടുക്കി
ശ്രീ.കെ.പി. ജയൻ, ഹെഡ് ക്ലാർക്ക്, കാമാക്ഷി ഗ്രാമ പഞ്ചായത്ത്,ഇടുക്കി (കാമാക്ഷി ഗ്രാമ പഞ്ചായത്ത്, സെക്രട്ടറി മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ (IKM) (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (06/09/2012 ലെ 48988/ജി2/2011/H&FWD) പ്രകാരം
ധനകാര്യ വകുപ്പ്(23/05/2013 ലെ 36466 /WW3/13/ഫിൻ) പ്രകാരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ